യന്ത്രവൽകൃത ഫിഷ്‌ലാന്റിംഗ് സെന്ററുകൾ

1. തോട്ടപ്പള്ളി
2. മുനയ്ക്കക്കടവ്
3. ചേറ്റുവായ്
4. ധർമ്മടം
5. ന്യൂമാഹി
6. കാസർഗോഡ്
7. നീലേശ്വരം
8. ചെറുവത്തൂർ

(ജി) ഉണ്ട്.

1. വള്ളിക്കുന്ന്.
2. കാസർഗോഡ്.

പ്രതിമാസ സർവ്വെ അദാലത്തുകൾ

8 (*415) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഉടമകളുടെ പരാതികൾ പരിഹരിക്കുന്നതിന് വില്ലേജുകൾതോറും പ്രതിമാസ സർവ്വെ അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ എത്ര സർവെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ അദാലത്തുകളിലെല്ലാംകൂടി എത്ര പരാതികൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ശേഷിക്കുന്ന പരാതികൾക്കുകൂടി പരിഹാരം കണ്ടെത്തുന്നതിന് കൂടുതൽ അദാലത്തുകൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി : (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) ഇതുവരെ 589 വില്ലേജുകളിൽ പ്രതിമാസ സർവെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) 31-3-2000 വരെ 2,02,637 പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ പൊതുമേഖലയെ ആഗോള മത്സരത്തിന് സജ്ജമാക്കുന്നതിന് പദ്ധതികൾ

9 (*416) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ബാലറാം :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലയെ ആഗോള മത്സരത്തിന് സജ്ജമാക്കുന്നതിന് എന്തൊക്കെ പദ്ധതികൾ നടപ്പാക്കിവരുന്നു ;

(ബി) ഇതുമൂലം പൊതമേഖലയ്ക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിശദമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി : (ശ്രീമതി സുശീലാ ഗോപാലൻ)

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ ആഗോള മത്സരത്തിന് സജ്ജമാക്കുന്നതിന് അവയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും ഉത്പാദനചെലവ് കുറയ്ക്കുകയുമാണ് വേണ്ടത്. ഇതിലേയ്ക്കായി ഓരോ വ്യവസായ പൊതുമേഖലാ സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾ പ്രത്യേകം പഠിച്ച് അനുയോജ്യമായ നടപടികൾ എടുക്കുന്നുണ്ട്. വിവിധ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "പെർഫോമൻസ് കോൺട്രാക്ട്" സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിനും അതിൽ വീഴ്ച വരാതെ നോക്കേണ്ട ബാദ്ധ്യതയും വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനകരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്നുറപ്പു വരുത്തുന്നതിനായി കമ്പനികളിൽ 'പെർഫോമൻസ് ഓഡിറ്റ്' നടത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉത്പാദന ചെലവു കുറയ്ക്കുന്നതിനുവേണ്ടി ആവശ്യമുള്ള തലങ്ങളിൽ പരിഷ്ക്കരിച്ച സാങ്കേതിക വിദ്യ നടപ്പിലാക്കുക, കടബാദ്ധ്യതയും പലിശ ബാദ്ധ്യതയും കുറയ്ക്കുവാൻ വേണ്ടി വൺ-ടൈം സെറ്റിൽമെന്റ് നടപ്പിലാക്കുക, കുറഞ്ഞ നിരക്കിലുള്ള പ്രവർത്തന മൂലധനം ലഭ്യമാക്കുക തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരികയാണ്. ഇതിനാവശ്യമായ ധനം തക്ക സമയത്ത് ലഭ്യമാക്കുവാൻവേണ്ടി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടും രൂപീകരിച്ചു കഴിഞ്ഞു. ഇതു കൂടാതെ മാനേജ്മെന്റ് ശക്തിപ്പെടുത്തുകയും ഡയറക്ടർ ബോർഡിൽ വിദഗ്ധരെ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly